**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 181** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ ആശുപത്രികളിൽ രോഗികളുടെ എണ്ണത്തിന് ആനുപാതികമായി സ്റ്റാഫുകളെ നിയമിക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സർക്കാർ ആശുപത്രികളിലെ രോഗികളുടെ വർദ്ധനവിന് ആനുപാതികമായി ഡോക്ടർമാർ,നേഴ്സുമാർ,പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവരുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പരിഗണനയിലുണ്ട്. 1961 ലെ സ്റ്റാഫ് പാറ്റേണാണ് സർക്കാരാശുപത്രികളിൽ പിൻതുടർന്ന് വന്നിരുന്നത്. എന്നാൽ 2008 ൽ പി.എച്ച്.സി, 24*7 പി.എച്ച്.സി, സി.എച്ച്.സി തലത്തിലുള്ള സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ പ്രകാരം പരിഷ്കരിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും കാലാകാലങ്ങളായി മാറി വന്നിരുന്ന സർക്കാരുകൾ അതാത് കാലയളവുകളിലെ മാനദണ്ഡങ്ങൾ പ്രകാരം ആശുപത്രികളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിലേയ്ക്ക് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുടർന്നും ഐ.പി.എച്ച്.എസ് സ്റ്റാൻഡഡൈസേഷൻ പ്രകാരം വിവിധ തലത്തിലുള്ള ആശുപത്രികൾക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും താലൂക്ക് ആശുപത്രികളിലും സ്പെഷ്യാലിറ്റി ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** നിലവിലെ മാനദണ്ഡപ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സ്പെഷ്യാലിറ്റി സേവനം നിഷ്കർഷിച്ചിട്ടില്ല. ടി സ്ഥാപനങ്ങളിൽ സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷാ സേവനങ്ങളാണ് നൽകി വരുന്നത്. താലൂക്ക് ആശുപത്രികളിൽ അടിസ്ഥാന സ്പെഷ്യാലിറ്റികളുടെ (ജനറൽ മെഡിസിൻ, ജനറൽ സർജറി, ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യ, ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി, ഒഫ്ത്താൽമോളജി, ഡെർമറ്റോളജി, ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ, സൈക്യാട്രി) തസ്തികകൾ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ മാർഗ്ഗ നിർദ്ദേശ പ്രകാരം തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(സി)** ഡോക്ടർമാർ ഉൾപ്പെടെയുള്ളവരുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്തെ പ്രധാന സർക്കാർ ആശുപത്രികളിൽ നിലവിൽ തന്നെ 24 മണിക്കൂറും ഒ.പി/കാഷ്വാലിറ്റി സേവനങ്ങൾ ലഭ്യമാണ്. രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും പ്രാദേശികമായ ആവശ്യകതയും കൃത്യമായി വിലയിരുത്തി, രാത്രികാലങ്ങളിലും പകൽ സമയങ്ങളിലും തടസ്സമില്ലാത്ത ആരോഗ്യസേവനം ഉറപ്പാക്കുന്നതിനായി ആരോഗ്യവകുപ്പിന്റെ ജീവനക്കാർക്ക് പുറമെ NHM/LSGD/KASP/HDS ഫണ്ട് മുഖേനയുള്ള താൽക്കാലിക ജീവനക്കാരുടെ സേവനവും പ്രയോജനപ്പെടുത്തി 24 മണിക്കൂറും സേവനം ലഭ്യമാക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**